# പതിമൂന്നാം കേരളനിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 3811** — **15.12.2014 -ലെ മറുപടിക്ക്**

### ചുംബന സമരത്തിനെതിരെയുള്ള പോലീസ് നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ.വി. അബ്ദുൾ ഖാദർ** | **ശ്രീ. രമേശ് ചെന്നിത്തല**<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) കൊച്ചിയിൽ ചുംബനസമരം തടയാനെന്ന പേരിൽ ആയുധങ്ങളുമായി വിദ്വേഷ മുദ്രാവാക്യങ്ങളുയർത്തി എത്തിയവരെ പോലീസ് സംരക്ഷിച്ച നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഇല്ല. കൊച്ചി മറൈൻ ഡ്രൈവിൽ കിസ് ഓഫ് ലവ് പ്രവർത്തകർ നടത്തിയ ചുംബന സമരത്തിൽ പ്രതിഷേധിക്കുവാനായി എത്തിയ ശിവസേന, വി.എച്ച്.പി, ബജ്റംഗൾ, എസ്.ഡി.പി.ഐ. എന്നീ സംഘടനകളുടെ കണ്ടാലറിയാവുന്ന 200 ഓളം പ്രവർത്തകർക്കെതിരെ 2 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടാതെ കൊച്ചി മറൈൻ ഡ്രൈവിൽ കിസ് ഓഫ് ലവ് പ്രവർത്തകർ നടത്തിയ ചുംബന സമരത്തെ അനുകൂലിച്ച് പ്രകടനം നടത്തിയ 19 ഓളം പ്രവർത്തകർക്കെതിരെ ഒരു കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) സാധാരണയിൽ നിന്നും വ്യത്യസ്തമായി പ്രതിഷേധ രീതികളോട് യോജിപ്പുള്ളവരും വിയോജിപ്പുള്ളവരും ഉണ്ടാകുമ്പോൾ, ഇരട്ടത്താപ്പ് സ്വീകരിച്ചതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) ഉത്തരം (എ)യുടെ അടിസ്ഥാനത്തിൽ ബാധകമല്ല. |
| (സി) പോലീസ് സംഘത്തിന്റെ പിന്തുണയോടെ വർഗ്ഗീയവാദികൾ ഉൾപ്പെടെ ആക്രോശ പ്രകടനം നടത്തിയെന്നതിനെ അംഗീകരിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (സി) ഇത്തരം ഒരു സ്ഥിതിവിശേഷം ഉണ്ടായിട്ടില്ല. |

| | | |
|---|---|---|
| (ഡി) | സർക്കാർ വർഗ്ഗീയ വാദികളുമായി ഉണ്ടാക്കിയ ധാരണയുടെ പിൻബലത്തിലാണ് ഇവർ അഴിഞ്ഞാടിയതെന്ന ആക്ഷേപം ശ്രദ്ധയിൽ-പ്പെട്ടിട്ടുണ്ടോ; | (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ഇ) | ഇക്കാര്യത്തിൽ ഉത്തരവാദികൾക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ഇ) ബാധകമല്ല. |

**സെക്ഷൻ ഓഫീസർ**